**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1680** **05-07-2022 - ൽ മറുപടിയ്ക്ക്**

**കുട്ടമ്പുഴയിൽ സർക്കാർ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കുട്ടമ്പുഴ പഞ്ചായത്തിൽ ഒരു സർക്കാർ കോളേജ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും അനുകൂലമായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | ഉണ്ട്. |
| (സി) | കോളേജിനായി സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ച് ബി3/518/2017ഉ.വി.വ. എന്ന ഫയലിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് അറിയിക്കാമോ; | (സി) | കോളേജിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർനടപടികൾക്കായി ജലവിഭവ വകുപ്പിന് കൈമാറിനൽകിയ ബി3/518/2017/ഉ.വി.വ. നമ്പർ ഫയൽ നിലവിൽ പ്രസ്തുത വകുപ്പിൽ പരിശോധിച്ചുവരികയാണ്.<br><br>ഇതിനായി കുട്ടമ്പുഴ വാർഡ് നമ്പർ 16-ൽ 5 ഏക്കർ സ്ഥലം കൈമാറുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ജ ലസേചനവകുപ്പ് ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം 2) ലഭ്യമാക്കിയിട്ടുണ്ട് എന്നും, പ്രസ്തുത സ്ഥലം റിസർവോയർ ഏരിയ ആണെന്നും ടി സ്ഥലം കെ.എസ്.ഇ.ബി. ലിമിറ്റഡ് സോളാർ പാനൽ സ്ഥാപിക്കുന്നതിന് പരിശോധന നടത്തി പോയിട്ടുള്ളതാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിലെ തൽസ്ഥിതി അറിയിക്കുവാൻ കെ.എസ്.ഇ.ബി.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും ജലവിഭവ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ഡി) | സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പിൽനിന്നും മറുപടി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് മറുപടി ലഭ്യമാകുവാൻ കാലതാമസം നേരിടുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | (സി)-യിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ